# ഫലദീപിക അദ്ധ്യായം 6.
# യോഗങ്ങൾ

## ചന്ദ്രാലുള്ള യോഗങ്ങൾ

**(5)**
**വിധോസ്തു സുനഭാനഭാധുരുധുരാഃ സ്വരിഃഫോഭയ–**
**സ്ഥിതൈർവിരവിഭിർഗ്രഹൈരിതരഥാതു കേമദ്രുമഃ**
**ഹിമത്വിഷി ചതുഷ്ടയേ ഗ്രഹയുതേ *f* ഥ കേമദ്രുമോ**
**ന ഹീതി കഥിതോ *f* ഥവാ ഹിമകരാദ്ഗ്രഹൈഃ കേന്ദ്രഗൈഃ.**

### സുനഭ അനഭ ധുരുധുര
### കേമദ്രുമ കേമദ്രുമായോഗഭംഗം

*വിധോസ്തു സുനഭ അനഭാ ധുരുധുരാ...*
സൂര്യനൊഴിച്ചുള്ളവ — താരാഗ്രഹങ്ങൾ (കു, ബു, ഗു, ശു, മ)

1. **സ്വ** – ചന്ദ്രന്റെ രണ്ടിൽ നിന്നാൽ സുനഭായോഗം,
2. **രിഃഫ** – പന്ത്രണ്ടിൽ നിന്നാൽ അനഭായോഗം,
3. *ഉഭയ* – രണ്ടിലും പന്ത്രണ്ടിലും നിന്നാൽ ധുരുധുരായോഗം

ഈ ഭാവങ്ങളിലെ (2, 12, 2–12) ഗ്രഹസ്ഥിതി അനുസരിച്ച് ഈ യോഗങ്ങൾ പല തരത്തിൽ വരുന്നു. അതായത്, സുനഭാ, അനഭായോഗങ്ങൾ 31 വീതം. ധുരുധുരാ 180. (ഹോരാശാസ്ത്രം : 13–4)

4. **വിരവിഭിർഗ്രഹൈരിതരഥാതു** –ചന്ദ്രന്റെ പന്ത്രണ്ടിലോ രണ്ടിലോ താരാഗ്രഹങ്ങൾ ആരുമില്ലെങ്കിൽ കേമദ്രുമായോഗം.

5. *ഹിമത്വിഷി ചതുഷ്ടയേ ഗ്രഹയുതേഥ കേമദ്രുമോ ന ഹീതി* – ചന്ദ്രൻ ലഗ്നാൽ കേന്ദ്രത്തിൽ ഏതെങ്കിലും താരാഗ്രഹത്തിന്റ കൂടെ നിന്നാൽ കേമദ്രുമായോഗം ഫലിക്കില്ല.
6. *കഥിതോഥവാ ഹിമകരാദ് ഗ്രഹൈഃ കേന്ദ്രഗൈഃ* – ചന്ദ്രന്റെ കേന്ദ്രത്തിൽ ഏതെങ്കിലും താരാഗ്രഹം നിന്നാലും കേമദ്രുമാ യോഗഭംഗമാകും.

യോഗഭംഗം വെട്ടിനൊരു തടവേ ആകുന്നുള്ളൂ. വെട്ട് ഇല്ലാതാകുന്നില്ല എന്നാണ് അനുഭവം. കേമദ്രുമയോഗക്കാർ, ഭംഗമുണ്ടെങ്കിലും, ജീവിതത്തിൽ കാലുറപ്പിയ്ക്കാൻ സമയമെടുക്കും. അതുപോല വിവാഹവും അൽപ്പം വൈകുന്നതായാണ് കാണുന്നത്.